**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5582** **24-03-2025 - ൽ മറുപടിയ്ക്ക്**

**ചെറുപ്രായത്തിലെ ഹൃദയാഘാതം മൂലമുള്ള മരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചെറുപ്രായത്തിൽ തന്നെ ഹൃദയാഘാതം സംഭവിച്ച് ധാരാളം ആളുകൾ മരണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2021 മുതൽ ഇതുവരെ സംസ്ഥാനത്ത് ഇത്തരത്തിൽ മരണം സംഭവിച്ചവരുടെ കണക്കുകൾ ലഭ്യമാണോ; ഉണ്ടെങ്കിൽ അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ഹൃദ് രോഗങ്ങൾ വർദ്ധിച്ചുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 30 വയസ്സിന് മുകളിൽ പ്രായമുള്ളവരിലാണ് ഹൃദ്രോഗം മുമ്പ് കണ്ടെത്തിയിരുന്നതെങ്കിൽ ഇന്ന് മാറിയ ജീവിത സാഹചര്യങ്ങൾക്ക് അനുസൃതമായി ചെറുപ്രായത്തിലും ഹൃദയാഘാതം കണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആകസ്മിക മരണങ്ങൾ സംബന്ധിച്ച ക്രോഡീകരിച്ച വിവരം നിലവിൽ എഴുതി സൂക്ഷിക്കുന്നില്ല. |
| (ബി) | ഇത്തരത്തിൽ ഹൃദയാഘാതം സംഭവിക്കുന്നതിനുള്ള കാരണങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടോ; പരിശോധനയിലൂടെ ഹൃദയ സംബന്ധമായ പ്രശ്നങ്ങൾ മുൻകൂട്ടി അറിയുന്നതിന് നിലവിലുള്ള ഫലപ്രദമായ സംവിധാനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (ബി) | ഇത്തരത്തിൽ ഹൃദയാഘാതം സംഭവിക്കുന്നതിനുള്ള കാരണങ്ങൾ പ്രധാനമായും ഹൃദയ രക്തധമനികളിൽ വരുന്ന ബ്ലോക്കുകളും ഹൃദയമിടിപ്പിന് വരുന്ന വ്യതിയാനങ്ങളും ആണ്. പുകവലി, ഉയർന്ന രക്തസമ്മർദ്ദം, പ്രമേഹം, ഉയർന്ന അളവിലുള്ള കൊളസ്ട്രോൾ, പാരമ്പര്യമായ ഹൃദ്രോഗങ്ങൾ, അമിത വണ്ണം, ഉദാസീനമായ ജീവിതശൈലി എന്നിവയൊക്കെയാണ് ഹൃദ്രോഗത്തിനുള്ള പ്രധാന കാരണങ്ങൾ. രക്ത പരിശോധനകൾ, ഇ.സി.ജി, എക്കോ കാർഡിയോഗ്രം ടെസ്റ്റ്, കൊറോണറി ആൻജിയോഗ്രാം, ടി.എം.ടി മുതലായവ രോഗാവസ്ഥയ്ക്ക് അനുസൃതമായി ചെയ്യാവുന്നതാണ്.<br><br>1. ഹൃദയധമനികളിലെ ബ്ലോക്കുകളും തുടർന്നുള്ള ഹാർട്ട് അറ്റാക്കും രോഗ ലക്ഷണങ്ങളിൽ നിന്നും ഒരു പരിധി വരെ മുൻകൂട്ടി കണ്ടുപിടിക്കാം.<br><br>2. ജന്മനായുള്ള ഹൃദ്രോഗങ്ങൾ എന്തൊക്കെയെന്ന് ചെറു പ്രായത്തിൽ വൈദ്യ പരിശോധനയും ലക്ഷണങ്ങളും വഴി കണ്ടു പിടിക്കാം.<br><br>3. ഹൃദയത്തിന്റെ പേശികൾക്കുണ്ടാകുന്ന വീക്കം അഥവാ ബലക്കുറവ് (cardiomyopathy) പാരമ്പര്യ |

| | | | |
|---|---|---|---|
| | | | സ്വഭാവം വഴിയും, ഇ.സി.ജി പരിശോധന/എക്കോ പരിശോധന എന്നിവ വഴി കണ്ടു പിടിക്കാം.<br><br>4. രക്ത സമ്മർദ്ദം തുടർന്നുള്ള ഹൃദയ വാൽവുകളുടെ തകരാറുകൾ സാധാരണ രോഗ ലക്ഷണങ്ങൾ പ്രകടമാകുന്നതിനാൽ വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കാനും കണ്ടുപിടിക്കാനുമുള്ള സാധ്യത കൂടുതലാണ്.<br><br>5. Channelopathy സോഡിയം, ഹൃദയ കോശങ്ങളിലെ പൊട്ടാസ്യം, കാൽസ്യം ചാനലുകൾക്ക് പാരമ്പര്യമായി തകരാറുകൾ പൊതുവെ രോഗ ലക്ഷണങ്ങൾ പ്രകടമാകാത്തതിനാൽ മുൻകൂട്ടി കണ്ടുപിടിക്കാൻ സാധ്യമല്ല. ഇതിൽ (1) (3) (4) പരാമർശിച്ചിട്ടുള്ള രോഗങ്ങൾക്ക് പലപ്പോഴും മുൻകൂർ ലക്ഷണങ്ങൾ പ്രകടമാകാതിരിക്കും. ആദ്യമെ ഉണ്ടാകുന്ന ലക്ഷണം cardiac arrest ആയിരിക്കും. ഇത്തരം സാഹചര്യത്തിൽ മുൻകൂർ കണ്ടു പിടിക്കാൻ പ്രയാസമാണ്. |

സെക്ഷൻ ഓഫീസർ